**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1077** **11.02.2016 ൽ മറുപടിയ്ക്ക്**

## സി.ബി.എസ്.ഇ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സി.ബി.എസ്.ഇ., വിദ്യാർഥികളുടെ 12-ാം ക്ലാസ്സ് സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിയമസഭാംഗങ്ങളിൽ നിന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | 10.12.2014 ൽ ബഹു.കാസർഗോഡ് എം.എൽ.എ ശ്രീ.എൻ.എ. നെല്ലിക്കുന്ന് ഈ വിഷയം സംബന്ധിച്ച് സർക്കാരിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് 09.03.2015 ലെ 72489/എൻ3/14/പൊ.വി.വ സർക്കാർ കത്ത് പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ അധികൃതർക്ക് ആവശ്യമായ നടപടികൾക്കായി കൈമാറിയിരുന്നു. അതിനുശേഷം ഇത് സംബന്ധിച്ച് മറുപടിയൊന്നും നാളിതു വരെയും ലഭിച്ചിട്ടില്ല. എങ്കിലും ഇക്കാര്യത്തിൽ അടിയന്തിരമായി തീരുമാനമുണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ടോ; അതിന്റെ പൂർണ്ണ വിവരം ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തിരമായി തീരുമാനമുണ്ടാകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ